# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 6160** | **10-07-2012 ൽ മറുപടിയ്ക്ക്**

## വയനാട് ജില്ലയിലെ മുണ്ടേരി നീർത്തട പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം.വി.ശ്രേയാംസ് കുമാർ | ശ്രീ.കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) വയനാട് ജില്ലയിലെ മുണ്ടേരി നീർത്തട പദ്ധതി യുടെ പ്രവർത്തന പുരോഗതി വിശദമാക്കുമോ; | (എ) വയനാട് ജില്ലയിൽ കബനി നദീതട പദ്ധതിയിൽ ഉൾപ്പെട്ട മുണ്ടേരി വാട്ടർ ഷെഡ് പദ്ധതി 2010-11 സാമ്പത്തിക വർഷം ആരംഭിക്കുകയും നാളിതുവരെ 1.11 കോടി രൂപ ചെലവഴിച്ച് 1211 ഹെക്ടർ പ്രദേശത്ത് മണ്ണുജല സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കുകയുമുണ്ടായി. ഇപ്പോൾ പദ്ധതി പ്രവർത്തനങ്ങൾ പുരോഗതി യിലാണ്. |
| (ബി) പ്രസ്തുത പദ്ധതിയുടെ മേപ്പാടി വിഭാഗത്തിന്റെയും കൽപ്പറ്റ വിഭാഗത്തിന്റെയും പ്രവർത്തനങ്ങൾക്കായി നീക്കിവച്ച തുകയുടെയും ചെലവഴിച്ച തുകയുടെയും വിശദാംശം ലഭ്യമാക്കുമോ; | (ബി) മുണ്ടേരി വാട്ടർഷെഡിൽ മേപ്പാടി പ്രദേശത്തേയ്ക്കായും കൽപ്പറ്റ മുൻസി പ്പാലിറ്റിയ്ക്കായും പ്രത്യേകം ഗുണഭോക്തൃ കമ്മിറ്റികൾ പ്രവർത്തിച്ചുവരുന്നു. എന്നാൽ ഈ കമ്മിറ്റികൾക്കായി പ്രത്യേകം ഫണ്ട് (കമ്മിറ്റി തിരിച്ച്) കേന്ദ്ര സർക്കാരിൽ നിന്ന് ലഭ്യമാകാ റില്ല. ഓരോ വർഷവും മുണ്ടേരി വാട്ടർഷെഡിനായി ലഭ്യമാകുന്ന സാമ്പത്തിക വിഹിതത്തിന്റെ പകുതി വിഹിതം വീതമാണ് ഓരോ കമ്മിറ്റിക്കും പ്രവർത്തനങ്ങൾക്കായി ലഭ്യമാകുന്നത്. |

മേപ്പാടി കമ്മിറ്റി മുഖേന നാളിതുവരെ 103.03 ലക്ഷം രൂപ ചെലവഴിച്ച് 1111.7 ഹെക്ടർ പ്രദേശം സംരക്ഷിക്കുകയും 3 സ്ട്രക്ച്ചറുകളുടെ നിർമ്മാണം നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. കൽപ്പറ്റ മുൻസിപ്പാലിറ്റി മുഖേന നാളിതുവരെ 7.9 ലക്ഷം രൂപ ചെലവഴിച്ച് 98.32 ഹെക്ടർ പ്രദേശം സംരക്ഷിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| (സി) | പ്രസ്തുത പദ്ധതി സമയബന്ധിതമായി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (സി) | മുണ്ടേരി പദ്ധതി പ്രവർത്തനങ്ങൾ 2010-11 വർഷമാണ് ആരംഭിച്ചത്. ഓരോ വർഷവും കേന്ദ്ര സർക്കാരിൽ നിന്ന് ലഭ്യമാകുന്ന തുകയ്ക്കുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു. തുടർ ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതി പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ